കേരള സർക്കാർ

.

# പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം(ബി.പി)1592/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

തീയതി : 16.10.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം :- പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്:-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം
3. കാര്യാലയ പകർപ്പ്

ബിന്ദു

## എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ

## 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 15.03.2017 മുതൽ 06.08.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ.കെ.ജി, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 07.08.2019 മുതൽ 14.08.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീമതി. ഷേർളി പീറ്റർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ. ഷഫീക്ക്. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. പ്രസാദ്. പി.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീമതി ഷീന സെബാസ്റ്റ്യൻ | 1.4.2018 | 25.6.2018 |
| | ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ | 26.6.2018 | 31.3.2018 |
| സെക്രട്ടറി | ശ്രീമതി.ശ്രീലക്ഷ്മി.ജി. | 01.04.2018 | 01.05.2018 |
| | ശ്രീ. കെ.കെ.രാജപ്പൻ (ജോയിന്റ് ബി.ഡി.ഒ., ഇൻചാർജ്ജ്) | 02.05.2018 | 03.05.2018 |
| | ശ്രീമതി. സി രമണി | 04.05.2018 | 31.03.2019 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | ശ്രീമതി സൈജ ജോസ് | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, ചെങ്ങമനാട്) | ഡോ.എലിസബത്ത് റ്റി.പി.(സിവിൽ സർജൻ) | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, പുത്തൻവേലിക്കര) | ഡോ.സൈന മേരി | 01.04.2018 | 31.03.2019 |
| ശിശു ക്ഷേമ വികസന ഓഫീസർ | ശ്രീമതി.ഗായത്രി.എസ്. | 01.04.2018 | 31.03.2019 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. സി.പി.അഗസ്റ്റിൻ | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ സാജൻ കെ.റ്റി. | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സീജ.കെ.ടി | 01.04.2018 | 12.07.2018 |
| | ശ്രീമതി. മഞ്ജു.വി.ആർ | 13.07.2018 | 31.03.2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജൂണി ജോസ് റോഡ്രിഗ്സ് | 01.04.2018 | 12.07.2018 |
| | ശ്രീമതി ടീസ തോമസ് | 13.07.2018 | 31.03.2019 |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | രസീതുകൾ പ്രകാരം പിരിച്ച മുഴുവൻ തുകയും അടവാക്കിയില്ല | 2-1 |
| 12 | രസീതു ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-2 |
| | ഭാഗം- 3 | |
| 13 | വനിതാ കാർഷിക വിപണന കേന്ദ്രം -കെട്ടിടത്തിൽ എഞ്ചിനീയറുടെയും,കൃഷി അസി.ഡയറക്ടറുടെയും ഓഫീസ് | 3-1 |
| 14 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ്-പ്രോജക്ട് വകയിരുത്തൽ അപര്യാപ്തം | 3-2 |
| 15 | റിടെൻഷൻ തുക കുറവ് ചെയ്യാതെ പാർട്ട് ബില്ലുകൾ മാറി നല്കി | 3-3 |
| 16 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം | 3-4 |
| 17 | മരാമത്ത്പ്രവൃത്തികളുടെ ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല.- തടസ്സം 1721263/-രൂപ | 3-5 |
| 18 | പാലിയേറ്റീവ്കെയർ രണ്ടാംഘട്ടം- മരുന്ന് ലഭ്യമാക്കിയില്ല | 3-6 |
| 19 | എളവൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ചില്ല. | 3-7 |
| 20 | കായിക്കടം ലിഫ്റ്റ് ഇറിഗേഷൻ, കുന്നുകര ഗ്രാമപഞ്ചായത്ത് | 3-8 |

| | | |
|---|---|---|
| | -അപാകതകൾ | |
| 21 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുകൾ. പൊതുഅപാകതകൾ | 3-9 |
| 22 | ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോജക്ട് -ലക്ഷ്യപ്രാപ്തി വിലയിരുത്തേണ്ടതാണ് | 3-10 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 33 | ഐ.എ.വൈ പദ്ധതിയിലെ തുക മുഴുവൻ കൈപ്പറ്റാത്തവർ | അനുബന്ധം.2 |
| 34 | ബാലൻസ് ഷീറ്റ് | അനുബന്ധം.3 |
| 35 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |
| 36 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.5 |



.

## ഭാഗം -1

## പൊതു അവലോകനം

## 1-1 ബജറ്റ്

22.3.2018 തിയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 26.04.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരി ശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 07.08.2019 & 08.08.2019 | കെ.എസ്.എ(ഇ.കെ.എം)പി.ജി/1368(7)/19 തീയതി 24.08.2019 |

## 1-4 സാമ്പത്തികനില

| | |
|---|---|
| മുന്നിരിപ്പ് | 1,58,77,354 |
| വരവ് | 6,60,92,991 |
| ആകെ | 8,19,70,345 |
| ചെലവ് | 6,00,70,073 |
| നീക്കിയിരിപ്പ് | 2,19,00,272 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 32720000 | 32720000 | 30675777 | 0 | 2044223 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 15289000 | 15289000 | 14593409 | 0 | 695591 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 245000 | 245000 | 245000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3886000 | 3886000 | 3435260 | 0 | 450740 |
| ട്രഷറി ടി. എസ്. ബി. (എസ്.ടി.എസ്.ബി | 28000 | 194000 | 222000 | 166000 | 56000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 3171) | | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് (എസ്.ടി.എസ്.ബി 6) | 752043 | 6463229 | 7215272 | 4720375 | 2494897 | 0 |
| TSC ഇന്ത്യൻ ബാങ്ക് | 369272 | 27201 | 396473 | 11930 | 384543 | 0 |
| സാക്ഷരത | 186948 | 6629 | 193577 | 0 | 193577 | 0 |
| SBI IWMP | 320364 | 9897328 | 10217692 | 3317890 | 6899802 | 0 |
| SBI2 IWMP | 4854 | 176 | 5030 | 0 | 5030 | 0 |
| IAY Admn. cost | 16278 | 9184 | 25462 | 4850 | 20612 | 0 |
| ഇന്ത്യൻ ബാങ്ക് SIGN | 8900 | 367 | 9267 | 0 | 9267 | 0 |
| ഇന്ത്യൻ ബാങ്ക് Misc | 5622 | 272 | 5894 | 5894 | 0 | 0 |
| ഇന്ത്യൻ ബാങ്ക് Miscellaneous | 176752 | 105194 | 281946 | 96520 | 185426 | 0 |
| ഇന്ത്യൻ ബാങ്ക് IAY (Spl A/c) | 17998 | 743 | 18741 | 0 | 18741 | 0 |
| ഇന്ത്യൻ ബാങ്ക് നിർമ്മൽ | 284972 | 11775 | 296747 | 0 | 296747 | |
| IAY ഇന്ത്യൻ ബാങ്ക് (PT) | 13698747 | 678101 | 14376848 | 3043096 | 11333752 | 0 |
| DCB IAY loan | 500 | 0 | 500 | 0 | 500 | |
| MKSP Indian Bank | 6104 | 22021 | 28125 | 27000 | 1125 | |
| GST Union Bank | 0 | 1804 | 1804 | 1551 | 253 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 98 | 61407618 | 90 | 47473688 | 8 | 0 | 92 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13/08/2019 3.30പി.എം.ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.
2. പ്രോജക്ടുകളുടെ മോണിറ്ററിംഗ് കൃത്യമായി നടത്തുന്നില്ല.
3. പദ്ധതികൾ എല്ലാ നടപടിക്രമങ്ങളും പാലിച്ചല്ല ആവിഷ്കരിച്ചിരിക്കുന്നത്.
4. വാടകരജിസ്റ്ററും, രസീതു സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2018 മുതൽ 28.12.18 വരെ | 2017-18 | 02.03.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.07.15 മുതൽ 16.07.15വരെ | 01.07.13 മുതൽ 30.06.15 വരെ | 13.08.2015 |

.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പിരിച്ച മുഴുവൻ തുകയും യഥാസമയം അടവാക്കിയില്ല

എഞ്ചിനിയറിംഗ് വിഭാഗം ഉപയോഗിച്ച താഴെ പറയുന്ന രസീതുകൾ പ്രകാരം പിരിച്ച തുക അടവാക്കിയതായി കാണുന്നില്ല.

| തീയതി | രസീത് | തുക | |
|---|---|---|---|

| | നമ്പർ | ഫോറം വില | നികുതി | ആകെ | അടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 15.03.17 | 68 | 500 | 20 | 520 | മുഴുവൻ തുകയും അടവാക്കിയില്ല Rs 3020/-. |
| | 69 | 500 | 20 | 520 | |
| 20.03.17 | 70 | 900 | 90 | 990 | |
| | 71 | 900 | 90 | 990 | |
| | ആകെ | 2800 | 220 | 3020 | |
| 22.12.17 | 74 | 1600 | 200 | 1800 | മുഴുവൻ തുകയും അടവാക്കിയില്ല- Rs. 3600/- |
| | 75 | 1600 | 200 | 1800 | |
| | ആകെ | 3200 | 400 | 3600 | |
| 20.02.18 | 76 | 500 | 60 | 560 | നികുതി തുക അടവാക്കിയില്ല Rs 920/-. |
| | 77 | 500 | 60 | 560 | |
| | 78 | 300 | 40 | 340 | |
| | 79 | 855 | 105 | 960 | |
| | 80 | 880 | 110 | 990 | |
| | 81 | 855 | 105 | 960 | |
| | 82 | 300 | 40 | 340 | |
| | 83 | 590 | 80 | 670 | |
| | 84 | 855 | 105 | 960 | |
| | 85 | 855 | 105 | 960 | |
| | 86 | 880 | 110 | 990 | |
| | ആകെ | 7370 | 920 | 8290 | |
| 05.03.18 | 87 | 900 | 108 | 1008 | നികുതി തുക അടവാക്കിയില്ല Rs 496/-. |
| | 88 | 660 | 80 | 740 | |
| | 89 | 900 | 108 | 1008 | |
| | 90 | 660 | 80 | 740 | |
| | 91 | 500 | 60 | 560 | |
| | 92 | 500 | 60 | 560 | |
| | ആകെ | 4120 | 496 | 4616 | |
| 04.01.19 | 93 | 500 | 60 | 560 | നികുതി തുക അടവാക്കിയില്ല Rs 310/-. |
| | 94 | 500 | 60 | 560 | |
| | 95 | 785 | 95 | 880 | |
| | 96 | 785 | 95 | 880 | |
| | ആകെ | 2570 | 310 | 2880 | |
| 29.01.19 | 97 | 500 | 60 | 560 | നികുതി തുക |

| | | | | | |
|---|---|---|---|---|---|
| | 98 | 500 | 60 | 560 | അടവാക്കിയില്ല Rs 120/-. |
| | ആകെ | 1000 | 120 | 1120 | |
| 07.02.19 | 99 | 200 | 24 | 224 | നികുതി തുക അടവാക്കിയില്ല Rs 48/-. |
| | 100 | 200 | 24 | 224 | |
| | ആകെ | 400 | 48 | 448 | |
| 07.06.19 | 410/3 | 600 | 72 | 672 | നികുതി തുക അടവാക്കിയില്ല Rs 144/-. |
| | 410/4 | 600 | 72 | 672 | |
| | ആകെ | 1200 | 144 | 1344 | |
| 26.06.19 | 410/5 | 980 | 120 | 1100 | നികുതി തുക അടവാക്കിയില്ല Rs 240/-. |
| | 410/6 | 980 | 120 | 1100 | |
| | ആകെ | 1960 | 240 | 2200 | |

കളക്ഷൻ തുക തൊട്ടടുത്ത പ്രവൃത്തിദിനം തന്നെ അടവാക്കേണ്ടതാണെന്നിരിക്കെ മേൽ പ്രകാരം പിരിച്ച തുക ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കാത്തതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/04.09.2019) മറുപടി നൽകിയില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 7(2) പ്രകാരം സർക്കാരിലേക്കുള്ള പണമടവ് പണം സ്വീകരിക്കുന്ന ദിവസത്തിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ നടത്തേണ്ടതാണ്. ഇക്കാര്യം മേലിൽ ശ്രദ്ധിക്കേണ്ടതും ഇതുവരെയുള്ള പണം എത്രയും വേഗം അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-2 രസീതു ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ മാന്വൽ രസീതു ബുക്കുകളുടേയും, സാംഖ്യ രസീതുകളുടേയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പിരിക്കുന്ന തുകയുടെ വിവരം രേഖപ്പെടുത്താൻ കളക്ഷൻ രജിസറ്ററും സൂക്ഷിക്കുന്നില്ല. രസീത് പരിശോധനക്കായി മാന്വൽ രസീതു ബുക്ക് നം VI ലെ ക്രമ നം 13 വരെ ഉപയോഗിച്ച ഒരു ബുക്ക് മാത്രമാണ് നൽകിയത്. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ വേറെ സ്റ്റോക്കുണ്ടോയെന്നും പരിശോധിക്കാനായില്ല. കൂടാതെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് രസീതു ബുക്കുകൾ നൽകിയിട്ടുണ്ടോയെന്ന വിവരവും ലഭ്യമല്ല. സാംഖ്യ രസീതുകളുടെ ഭൗതിക പരിശോധനയിൽ B 8945597 മുതൽ B 8945999 വരെയുള്ള 403 രസീതുകൾ ഉള്ളതായി കണ്ടു. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ വേറെ സ്റ്റോക്കുണ്ടോയെന്നും പരിശോധിക്കാനായില്ല. പരിശോധനക്ക് ലഭ്യമാക്കിയ സാംഖ്യ രസീതുകളുടെ കൗണ്ടർഫോയിലുകളിൽ താഴെ പറയുന്ന സ്റ്റേഷനറി നമ്പറുകളിൽ രസീത് നമ്പറും തുകയും കൈ കൊണ്ട് എഴുതി ചേർത്തിരിക്കുകയാണ് ചെയ്തിരിക്കുന്നത്.

| തീയതി | സാംഖ്യ രസീത് സ്റ്റേഷനറി നമ്പർ | തുക |
|---|---|---|

| | | |
|---|---|---|
| 07.02.19 | 8945581 | 306 |
| ,, | 8945582 | 306 |
| ,, | 8945583 | 306 |
| ,, | 8945584 | 1008 |
| ,, | 8945585 | 1008 |
| തീയതി രേഖപ്പെടുത്തിയിട്ടില്ല | 8945586 | 443740 |
| 28.02.19 | 8945587 | 32,00,000 |
| 22.03.19 | 8945589 | 9736 |
| 09.04.19 | 8945590 | 1948 |
| 15.05.19 | 8945591 | 1004 |
| തീയതി രേഖപ്പെടുത്തിയിട്ടില്ല | 8945592 | 12072 |
| ,, | 8945593 | 1200 |
| ,, | 8945594 | 1004 |
| ,, | 8945595 | 1004 |
| ,, | 8945596 | 1120 |

ഇക്കാരണത്താൽ കൗണ്ടർഫോയിലിലെ തുക തന്നെയാണോ ഒറിജിനൽ രസീതിലുള്ളതെന്ന് ഉറപ്പിക്കാനാവുന്നില്ല. പ്രിന്റർ കേടായ സാഹചര്യത്തിലാണ് ഇപ്രകാരം ചെയ്യേണ്ടി വന്നതെന്നാണ് ഇതിനു കാരണമായി പറഞ്ഞത്. പ്രിന്റർ കേടാവുന്ന സാഹചര്യങ്ങളിൽ മാന്വൽ രസീതിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് വരവെട്ടുക്കേണ്ടതും പിന്നീട് സാംഖ്യയിൽ ഇന്ററപ്റ്റഡ് രസീത് ആയി വരവുതുക ചേർക്കുകയുമാണ് ചെയ്യേണ്ടത്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വനിതാ കാർഷിക വിപണന കേന്ദ്രം -കെട്ടിടത്തിൽ എൻജിനീയറുടെയും, കൃഷി അസി. ഡയറക്ടറുടെയും ഓഫീസ്

| ക്രമ നം | പ്രോജക്ട് നം. /പേര് | ബിൽ നം. | തുക |
|---|---|---|---|
| 1 | എസ്. ഒ121/17-18-വനിതാ കാർഷികവിപണന കേന്ദ്രം | ലഭ്യമല്ല | 1733183 (കെട്ടിടം) |

| | | | |
|---|---|---|---|
| 2 | എസ്. ഒ 80/18-19-വനിതാ കാർഷികവിപണന കേന്ദ്രം-പൂർത്തീകരണം | 1/18-19 /21-6-18 40/18-19 /30-4-18 60/18-19 /10-1-19 | 299967(ഇലക്ട്രിഫിക്കേഷൻ) 677486 (കെട്ടിടം) 183981(എക്സിക്യൂട്ടീവ് ഫർണ്ണിച്ചർ) |
| 3 | എസ് .ഒ 30/18-19-അസി.എക്സി.എഞ്ചിനീയറുടെ ദൈനംദിന ചെലവുകൾ | 59/18-19 /14-1-19 | 70581(ഫർണ്ണിച്ചർ) |

വനിതകൾക്കായി ബ്ലോക്ക് തല കാർഷികവിപണനകേന്ദ്രം എന്ന പേരിൽ ഒരു ബഹുവർഷ പ്രോജക്ട് അസി.എക്സി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുണ്ട്. 2017-18ലും, 2018-19 ലുമായി വനിതാഘടകപദ്ധതി പ്രകാരമാണ് വനിതകൾക്കായി കാർഷികവിപണനകേന്ദ്രം പദ്ധതി രൂപീകരിച്ച് മേൽ ചെലവുകൾ നടത്തിയത്. പ്രോജക്ട് പൂർത്തീകരിച്ചതായി മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉണ്ട്. കാർഷികവിപണനകേന്ദ്രത്തിനായി പണികഴിപ്പിച്ച പ്രസ്തുത കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെയാണെന്ന് കണ്ടു. കാർഷികവിപണനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് പകരം ടി കെട്ടിടവും, അനുബന്ധ സൗകര്യങ്ങളും നിലവിൽ അസി.എക്സി.എഞ്ചിനീയറുടെയും, കൃഷി അസി.ഡയറക്ടറുടെയും കാര്യാലയങ്ങളായാണ് ഉപയോഗിക്കുന്നത്. 2018-19വർഷത്തിലെ പ്രോജക്ട് നം.എസ്.80/18-19 പ്രകാരം 1,83,981/- രൂപ (ബിൽ നം.60/18-19/10-1-19) ചെലവഴിച്ചിരിക്കുന്നത് 3 എക്സിക്യൂട്ടീവ് ചെയറുകൾ, 4 വിസ്റ്റേഴ്സ് എക്സിക്യൂട്ടീവ് ചെയറുകൾ, എക്സിക്യൂട്ടീവ് മേശ, വർക്ക് സ്റ്റേഷനുകൾ എന്നിവ വാങ്ങുവാനാണ്. കൂടാതെ ഈ പദ്ധതിക്ക് 4 എക്സിക്യൂട്ടീവ് ചെയറുകൾ, ഷെൽഫ് എന്നിവയ്ക്കായി അസി.എക്സി.എഞ്ചിനീയറുടെ ദൈനംദിന ചെലവുകൾ (എസ് ഒ30/18-19)എന്ന പ്രോജക്ടിൽ നിന്നും 70581/- രൂപയും ചെലവഴിച്ചു. ഈ കെട്ടിടവും, അനുബന്ധ ഉപകരണങ്ങളും നാളിതുവരെ കാർഷിക വിപണനകേന്ദ്രമായോ, അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കോ ഉപയോഗിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന് മതിയായ സ്ഥലസൗകര്യം ഉണ്ടെന്നിരിക്കെ ഇപ്രകാരം പ്രോജക്ടിന്റെ മറവിൽ വനിതാ ഘടകപദ്ധതി ഫണ്ട് ഉപയോഗിച്ച് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി അസി.ഡയറക്ടർ എന്നിവരുടെ ഓഫീസ് സൗകര്യങ്ങൾ വർദ്ധിപ്പിച്ച നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) ന് മറുപടി ലഭിച്ചില്ല. പാറക്കടവ് ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്തുകൾ കാർഷിക ഗ്രാമങ്ങളാണ്. കാർഷിക ഉത്പന്ന വിപണനകേന്ദ്രങ്ങൾ വനിതകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ പ്രയോജനപ്പെടുത്താവുന്നതുമാണ്. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി, കർഷക ക്ഷേമപ്രവർത്തനങ്ങൾക്കുള്ള പ്ലാൻ ഫണ്ട് വിഹിതം ഇത്തരത്തിൽ ദുർവിനിയോഗം ചെയ്ത അസി.എക്സി.എഞ്ചിനീയറുടെ നടപടിക്കും, ഇതിന് അനുവാദം നൽകിയ ബ്ലോക്ക് ഭരണസമിതിയുടെ നടപടികൾക്കും വിശദീകരണം നൽകേണ്ടതാണ്. പ്രോജക്ട് നം.എസ്. ഒ 80/18-19 ൽ എക്സിക്യൂട്ടീവ് ഫർണ്ണിച്ചർ വാങ്ങാൻ ചെലവഴിച്ച 1,83,981/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ്-പ്രോജക്ട് വകയിരുത്തൽ അപര്യാപ്തം

| | |
|---|---|
| പ്രോജക്ട് നം | 15/2019 |
| അടങ്കൽ | 240000/- |
| ചെലവ് | 240000/- (ബിൽ നം . 2/30-10-18) |

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള നെടുമ്പാശ്ശേരി പഞ്ചായത്ത് ഒഴികെ മറ്റ് 5 പഞ്ചായത്തുകൾക്കായി 48000/ രൂപ വീതം ആകെ 240000/ രൂപയാണ് മേൽ പ്രോജക്ടിനായി വകയിരുത്തിയതും, ചെലവഴിച്ചതും. നിർവ്വഹണോദ്യോഗസ്ഥയായ സി.ഡി.പി.ഒ 23-7-18ൽ ഐ.സി.ഡി.എസ് /പി.ആർ.കെ/791/17, 4-2-19ലെ ഐ.സി.ഡി.എസ് /പി.ആർ.കെ/80/19 എന്നീ കത്തുകളിൽ, 1130000/- രൂപ പദ്ധതി പൂർത്തീകരണത്തിനായി ആവശ്യമാണെന്നും, മതിയായ തുക പ്രോജക്ടിൽ വകയിരുത്തണമെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോടും, പ്രസിഡന്റിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ പഞ്ചായത്തുകൾ ഗുണഭോക്തൃലിസ്റ്റ് പ്രകാരം ആവശ്യപ്പെട്ട തുകയാണിത്. സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം. തീയതി. 29-01-2018, 5.11,6.4.8 എന്നിവയിലും വികേന്ദ്രീകൃത ആസൂത്രണസംസ്ഥാനതല കോ ഓർഡിനേഷൻ കമ്മറ്റിയുടെ 31-12-18 ലെ 3.2 ാം നം യോഗതീരുമാനത്തെ തുടർന്ന്, ത.സ്വ.ഭ.വകുപ്പ് 25-1-2019 ൽ പുറത്തിറക്കിയ. (ഡി.എ)1/19/2019 ാം നം സർക്കുലറിലും, ഭിന്നശേഷിക്കാരായ /മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക്അർഹതപ്പെട്ട സ്കോളർഷിപ്പ് നൽകുന്നതിനായി മതിയായ തുക വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വളരെ തുഛമായ തുകയാണ് ബ്ലോക്ക് വിഹിതമായി വകയിരുത്തിയതും, നല്കിയതും. ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെട്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്ത് | ആവശ്യപ്പെട്ട തുക | നൽകിയ തുക |
|---|---|---|---|
| 1 | കുന്നുകര | 2,50,000 | 48,000 |
| 2 | പുത്തൻവേലിക്കര | 1,80,000 | 48,000 |
| 3 | പാറക്കടവ് | 3,00,000 | 48,000 |
| 4 | ചെങ്ങമനാട് | 3,00,000 | 48,000 |
| 5 | ശ്രീമൂലനഗരം | 1,00,000 | 48,000 |
| 6 | നെടുമ്പാശ്ശേരി | - | - |
| | ആകെ | 11,30,000 | 2,40,000 |

മേൽ പദ്ധതിക്കായി 11,30,000/- രൂപ വേണമെന്നിരിക്കെ 2,40,000/- രൂപ മാത്രമാണ്

ഇതിനായി മാറ്റിവെച്ചത്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഈ വിഷയം പരിഗണിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കേണ്ടതാണ്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അർഹതപ്പെട്ട സ്കോളർഷിപ്പ് നൽകുന്നതിനായി മതിയായ തുക വകയിരുത്താനും സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. നിർദ്ദേശം പാലിക്കുന്നതിനും, പദ്ധതിക്ക് മതിയായ തുക വകയിരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

## 3-3 റിടെൻഷൻ തുക കുറവ് ചെയ്യാതെ പാർട്ട് ബില്ലുകൾ മാറി നല്കി

GO(P) NO429/15 FIN തീയതി 28-9-15 പ്രകാരം പാർട്ട് ബിൽ ആണ് നൽകുന്നതെങ്കിൽ ബിൽതുകയിൽ നിന്നും 2.5% റിടെൻഷൻ തുകപിടിച്ച് പെർഫോമൻസ് സെക്യൂരിറ്റിയായി സൂക്ഷിക്കണം. എന്നാൽ ഇപ്രകാരം 2.5% റിടെൻഷൻ തുക കുറവ് ചെയ്യാതെയാണ് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലുകൾ മാറി നല്കിയിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നം,പേര് | അടങ്കൽ തുക (രൂപ), ഫണ്ടിനം | ബിൽ നം/തീയതി, തുക(രൂപ) | റിടെൻഷൻ തുക | കരാറുകാരൻ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 38/19, ദേശംയതലക്കൊള്ളി കുളിക്കടവ്, ചെങ്ങമനാട് ഗ്രാ.പ | 574800, വികസനഫണ്ട് | 100/18-19 /27-3-19,470597 | 11765 | സുനിൽ കുമാർ |
| 2 | 42/19, ചെങ്ങമനാട് സി.എച്ച്.സി പുനരുദ്ധാരണം | 571760, റോഡിതരം | 112/18-19 /27-3-19,170000 | 4250 | മാർട്ടിൻ ചാക്കോ |
| 3 | 43/19, പുത്തൻവേലിക്കര സി.എച്ച്.സി പുനരുദ്ധാരണം | 500000, റോഡിതരം | 95/18-19 /19-3-19,295536 | 7388 | ബിനു.വി.ജി |
| 4 | 117/19, മാനാൻചെരികുന്ന നാല് കോളനി സമഗ്ര വികസനം | 850000. എസ്.സി.പി | 89/18-19 /19-3-19,300000 91/18-19 /19-3-19,58012 | 8950 | സുനിൽ കുമാർ |
| 5 | 118/19, തൊമാലിപ്പുറം എസ്.സി കോളനി സമഗ്ര വികസനം | 449640, എസ്.സി.പി | 104/18-19 /27-3-19,330000 | 8250 | സുജികുമാർ |
| 6 | 122/19, പുത്തൻവേലിക്കര | 200000, റോഡിതരം | 94/18-19 /19-3-19,148000 | 3700 | ബിനു.വി.ജി |

| | | | | | |
|---|---|---|---|---|---|
| | താലൂക്ക് ആശുപത്രിക്ക് വേസ്റ്റ് ബേണിംഗ് പ്ലാന്റ് സ്ഥാപിക്കൽ | | | | |
| 7 | 123/19, കാക്കോട്ടുകുന്ന കൊങ്ങോത്തറ റോഡ് പെപ്പ് ലൈൻ എക്സ് റ്റെൻഷൻ പൂർത്തികരണം | 150000 വികസനഫണ്ട് | 99/18-19 /27-3-19,198401 | 4960 | എ.വി ജോയി |
| | | | ആകെ | 49263 | |

മേൽ വിഷയം സംബന്ധിച്ച് 04-09-2019 -ൽ നൽകിയ എൻക്വയറി നം. 8 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ മരാമത്ത് പ്രവൃത്തികളിൽ നിന്ന് റിടെൻഷൻ തുക ഈടാക്കിയും പ്രവൃത്തികൾ പൂർത്തികരിച്ചും വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-4 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം

സെക്രട്ടറി 2018-19 വർഷം നടപ്പിലാക്കിയ താഴെപറയുന്ന പ്രോജക്റ്റുകൾ പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | ബിൽ നം, തീയതി | തുക |
|---|---|---|---|
| 1 | 110/19, നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിലെ 122ാം നമ്പർ അംഗൻ വാടിക്ക് സ്ഥലം വാങ്ങൽ | ബിൽ നം 9/18.07.18 | 300000 |
| 2 | 119/19 – കുന്നുകര ഗ്രാമ പഞ്ചായത്തിലെ വെളുത്തേടൻ ചിറ പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം 14/17.10.18 | 5,00,000 |
| 3 | 07/19- ലൈഫ് ഭവന നിർമ്മാണം പൂർത്തീകരണം | 07/23.06.18-56,00,000/- | ശ്രീമൂല നഗരം- 12,00,000 പുത്തൻവേലിക്കര- 634300 ചെങ്ങമനാട്- 705500 നെടുമ്പാശ്ശേരി- 1022975 പാറക്കടവ്- |

| | | | |
|---|---|---|---|
| | | | 1084800<br>കുന്നുകര-952425 |
| | | 03/18.06.18 | പാറക്കടവ്-<br>944000 |
| 4 | 08/19- ലൈഫ് ഭവന നിർമ്മാണം പൂർത്തീകരണം- എസ്.സി | 04/18.06.18 | പാറക്കടവ്-<br>842870 |
| | | 08/23.06.18-<br>32,34,983/- | പുത്തൻവേലിക്കര-<br>2020000<br>ചെങ്ങമനാട്-<br>10,00,000<br>നെടുമ്പാശ്ശേരി-<br>214983 |
| | | 12/29.09.18-685017/- | ശ്രീമൂലനഗരം-<br>4,00,000<br>നെടുമ്പാശ്ശേരി-<br>285017 |
| 5 | 04/19- പാലിയേറ്റീവ് കെയർ- ബ്ലോക്ക് വിഹിതം | 13/17.10.18-335500/- | പുത്തൻവേലിക്കര-<br>100000<br>കുന്നുകര-117750<br>ചെങ്ങമനാട്-<br>117750 |
| 6 | 58/19-പട്ടിക വർഗ്ഗ വിദ്യാർത്ഥിക്ക് പഠനമുറി- ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത് | 10/18.07.18 | 81667 |
| | | 11/04.08.18 | 81667 |
| | | 17/26.03.19 | 81666 |
| 7 | So 106/19- ലൈഫ് ഭവനനിർമ്മാണം- എസ്.സി- പാറക്കടവ് ഗ്രാമ പഞ്ചായത്ത് | 02/18.06.18 | 186417 |
| 8 | So 106/19 -ലൈഫ് ഭവനനിർമ്മാണം- ജനറൽ പാറക്കടവ് ഗ്രാമ പഞ്ചായത്ത് | 01/18.06.18 | 440412 |
| | | ആകെ | 1,33,14,199 |

ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകുമ്പോൾ പദ്ധതി മാർഗ്ഗരേഖയിൽ (സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018) നിഷ്കർഷിക്കുന്നവിധം പട്ടിക 2 ൽ വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, ഫണ്ടിന്റെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുന്നതിന് വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട

സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 1,33,14,199/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 മരാമത്ത് പ്രവൃത്തികളുടെ ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല - തടസ്സം 1721263/-രൂപ

എ.ഇ നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇതിൽ പ്രോജക്റ്റ് നം 54/19 ന്റെ ഫയൽ CPSP-2-1392/2019/CRE dated 12.03.2019 പ്രകാരമുള്ള വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ക്ഷൻ ബ്യൂറോയുടെ കൈവശമാണ്.

| പ്രോജക്റ്റ് നം., പേര് | ബിൽ നം, തീയതി | ചെലവഴിച്ച തുക |
|---|---|---|
| 29/19 കുന്നപിള്ളിശ്ശേരി കനാൽ ബണ്ട് റോഡ് നിർമ്മാണം | 92/18-19,19-3-19 | 494861 |
| 37/19 കൊട്ടുശ്ശേരി സെറ്റിൽമെന്റ് നാലുസെന്റ് എസ്.സി കോളനി സമഗ്ര വികസനം | 41/18-19,30-11-18(390000), 75/18-19,11-2-19(398466) | 788466 |
| 54/19 ചെട്ടിക്കളം മുളക്കുളം തോട് കാന നിർമ്മാണം | 54/18-19,31-12-18 | 437936 |
| | ആകെ | 1721263/- |

മേൽ വിഷയം സംബന്ധിച്ച് 14.08.2019ൽ നൽകിയ എൻക്വയറി നം 5ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പറഞ്ഞ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ലഭ്യമാക്കുന്നത് വരെ ടി ഇനങ്ങളിലുള്ള ചെലവ് 1721263/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 പാലിയേറ്റീവ്കെയർ രണ്ടാംഘട്ടം- മരുന്ന് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ചെങ്ങമനാട്) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിലേക്ക് മരുന്ന് വിതരണം ചെയ്യാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 298539/-രൂപ നല്കിയെങ്കിലും നാളിതു വരെ മരുന്ന് ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം, പേര് | അടങ്കൽ,ഫണ്ടിനം | ബിൽ നം,തീയതി |
|---|---|---|
| 14/19,പാലിയേറ്റീവ്കെയർ രണ്ടാംഘട്ടം | 800000/- രൂപ, വികസനഫണ്ട് | 16/18-19 dt.21/12/18 |

ടി വിഷയം സംബന്ധിച്ച് 14.08.2019ൽ നൽകിയ എൻക്വയറി നം 4ന് മറുപടി

ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-7 എളവൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ചില്ല.

പ്രോജക്റ്റ് നിർവ്വഹണം - അസി.എക്സി.എഞ്ചിനീയർ

| പ്രോ.നം. | അടങ്കൽ | ചെലവ് |
|---|---|---|
| 77/18-19 | 946974 | 946974 |
| 112/19 | 219962 | 219962 |

20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ബഹുവർഷ പദ്ധതി 18-19 ലാണ് ആരംഭിച്ചത്. തൻവർഷം രണ്ടു പ്രോജക്ടുകളിലായി മേൽ തുകകൾ ചെലവഴിച്ചിട്ടുണ്ട്. പാറക്കടവ് ഗ്രാമപഞ്ചായത്തിലെ എളവൂർ പ്രദേശത്തെ പുഴയിലാണ് ഇൻടേക്ക് വെൽ, അതിനു മുകളിൽ പ്ലാറ്റ് ഫോം, മോട്ടോർ ഷെഡ് എന്നിവ നിർമ്മിച്ച് 25 എച്ച്.പി മോട്ടോർ സ്ഥാപിച്ചിരിക്കുന്നു. ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞെങ്കിലും പവർ സപ്ലൈ ലഭിച്ചിട്ടില്ല. ഓഡിറ്റ് നടക്കുന്ന സമയത്ത് കാലവർഷത്തെ തുടർന്നുള്ള വെള്ളപ്പൊക്കത്തിൽ മോട്ടോർ ഷെഡ് മുങ്ങുകയും, മോട്ടോറിന് കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിനു മുൻപു തന്നെയാണ് ഇത് സംഭവിച്ചത്. പദ്ധതി പ്രദേശത്ത് 2018 ലെ വെള്ളപ്പൊക്കം അതിരൂക്ഷമായി ബാധിച്ചിരുന്നു. പദ്ധതിയുടെ ഏതാണ്ട് 10 അടി അകലത്തിലായി ജലശുദ്ധീകരണ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നു. മേൽ പദ്ധതി കെട്ടിടത്തിനെക്കാൾ 5 അടിയിൽ അധികം ഉയരമുണ്ടായിട്ടുപോലും 2018 ലെ പ്രളയത്തിൽ പമ്പ് ഹൗസ് പൂർണ്ണമായി മുങ്ങിയിരുന്നു. മോട്ടോർ ഷെഡ് നിർമ്മാണവേളയിൽ ഈ വസ്തുതകൾ പരിഗണിക്കാതിരുന്നതിനാലാണ് ഉത്ഘാടനത്തിനു മുൻപേ വെള്ളം കയറി മോട്ടോർ നശിക്കാനിടയായത്. കൂടാതെ ബ്ലോക്ക് ചെയിൻ ലിഫ്റ്റിംഗ് സംവിധാനം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഈ സംവിധാനം മോട്ടോർ അടിയന്തിര ഘട്ടങ്ങളിൽ ഉയർത്തി വെയ്ക്കാൻ ഉപയോഗിക്കുന്നതാണ്. കൂടുതൽ ശേഷിയുള്ള മോട്ടോർ സ്ഥാപിക്കുന്ന ജലസേചന പദ്ധതികളിൽ ഇത്തരത്തിലുള്ള സൗകര്യം കൂടി ഉൾപ്പെടുത്താറുണ്ട്. നിലവിലെ കെട്ടിടത്തിന് ബ്ലോക്ക് ചെയിൻ സ്ഥാപിക്കുന്നതിന് ബീമുകൾ കൊടുത്തിട്ടില്ല. ബ്ലോക്ക് ചെയിൻ സംവിധാനം ഏർപ്പെടുത്താനുള്ള സ്ട്രക്ചറൽ സ്റ്റെബിലിറ്റി കെട്ടിടത്തിന് ഉണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.

എളവൂർ മേഖലയിലെ നിരവധി കർഷകർക്ക് പ്രയോജനം ചെയ്യേണ്ട പദ്ധതി ആസൂത്രണത്തിലെ സാങ്കേതികമായ പോരായ്മകൾ കാരണം ഉത്ഘാടനത്തിനു മുൻപേ യന്ത്രത്തകരാർ നേരിടേണ്ടി വന്നത്, പദ്ധതി പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പരിഗണിക്കാതിരുന്നതിനാലാണ്. പ്രദേശത്തെ കർഷകരുടെ അനുഭവസമ്പത്തും, നിർദ്ദേശങ്ങളും കണക്കിലെടുത്തില്ല എന്നതും ശ്രദ്ധേയമാണ്. പദ്ധതി രൂപീകരണത്തിൽ ജനപങ്കാളിത്തം

ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുടെ പാളിച്ചകൾകൊണ്ടുണ്ടാകുന്ന അധികചെലവുകൾ നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി ഭരണസമിതി പരിഗണിക്കേണ്ടതാണ്.

## 3-8 കായിക്കുടം ലിഫ്റ്റ് ഇറിഗേഷൻ, കുന്നുകര ഗ്രാമപഞ്ചായത്ത് -അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | 93/18,78/19 (ബഹുവർഷം) |
| തൻവർഷ അടങ്കൽ | 15,00,000/- |
| നിർവ്വഹണം | അസി.എക്സി.എഞ്ചിനീയർ |

2018-19 ൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ

| ക്രമ.നം | ബിൽ നം, തീയതി | തുക |
|---|---|---|
| 1 | 85/18-19/19-3-19 | 840000 |

പഴയ മോട്ടോർഷെഡ് പൊളിച്ചുനീക്കി ഇൻടേക്ക് വെൽ (4.5 മീ.ഡയമീറ്റർ), പമ്പ് ഹൗസ് (7.5 മീ.ഉയരം) നിർമ്മിച്ച്, 25 സെ.മീ.കനത്തിൽ മോട്ടോർ പ്ലാറ്റ് ഫോം നിർമ്മിച്ച്, 30 എച്ച്.പി.മോട്ടോർ ഡിസ്ട്രിബ്യൂഷൻ ലൈനുകൾ അനുബന്ധ വാൽവുകൾ സഹിതം ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഉണ്ടാക്കാനായുള്ള പദ്ധതിയാണിത്. പ്രോജക്റ്റിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കൃഷി ഓഫീസറുടെ 26-9-17 ലെ കത്തിൽ നിലവിലെ 25 എച്ച്.പി. മോട്ടോർ കേടായതാണ് എന്നുപറഞ്ഞിട്ടുണ്ട്. ഈ പഴയ മോട്ടോർ എന്തു ചെയ്തു എന്ന് വ്യക്തമല്ല. പഴയ മോട്ടോർ ഇറിഗേഷൻ വകുപ്പിനോ, ഗുണഭോക്തൃസമിതിയ്ക്കോ തിരികെ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്. 2018 പ്രളയം ഏറ്റവമധികം ബാധിച്ച സ്ഥലങ്ങളിലൊന്നാണ് കുന്നുകര, പാറക്കടവ് പ്രദേശങ്ങൾ. നിലവിൽ സ്ഥാപിച്ചിരിക്കുന്ന മോട്ടോറിന് എസ്റ്റിമേറ്റ് പ്രകാരം ബ്ലോക്ക് ചെയിൻ സംവിധാനം ഇല്ലാതെ പ്രാദേശികമായ പ്രത്യേകതകൾ പ്രോജക്റ്റ് രൂപീകരണത്തിൽ പരിഗണിച്ചിട്ടില്ല.
2. മോട്ടോർ കേടായതായി പ്രദേശത്തെ പാടശേഖര സമിതി/ഗുണഭോക്തൃസമിതിയുടെ പരാതിയോ, പ്രോജക്റ്റ് നിർദ്ദേശമോ ഫയലിൽ ഇല്ല. പ്രോജക്റ്റ് രൂപീകരണ വേളയിൽ കൃഷി ഓഫീസറും മേൽ പ്രോജക്റ്റിനായി വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശം വച്ചിട്ടില്ല. നിലവിലുള്ള മോട്ടോർഷെഡ് ഉപയോഗശൂന്യമാണെന്ന് കൃഷി ഓഫീസറും പറഞ്ഞിട്ടില്ല. ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിലും ഈ പ്രോജക്റ്റിനായി ആവശ്യപ്പെട്ടിട്ടില്ല. കുന്നുകര ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനവും ഇതോടൊപ്പം ഇല്ല. മേൽ പ്രോജക്റ്റ് നിർദ്ദേശം ഏത് മേഖലയിൽ നിന്ന് വന്നു എന്ന് വ്യക്തമാക്കേണ്ടതാണ്.
3. സ്ഥലപരിമിതി മൂലം മോട്ടോർ സ്ഥാപിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതിനാൽ ഇറിഗേഷൻ

വകുപ്പിന്റെ എം. ഐ പദ്ധതിയുടെ സ്ഥലത്ത് മോട്ടോർ സ്ഥാപിക്കാൻ അനുമതി തേടി അസി.എക്സി.എഞ്ചിനീയർ കാക്കനാട് മൈനർ ഇറിഗെഷൻ അസി.എക്സി.എഞ്ചിനീയർക്ക് 23-10-18 ൽ കത്ത് നൽകിയിട്ടുണ്ട്. മോട്ടോർ ഷെഡ്, പ്ലാറ്റ്ഫോം എന്നിവ ഉൾപ്പെടെയുള്ള പ്രോജക്ടിൽ എന്താണ് സ്ഥലപരിമിതിക്കുള്ള കാരണം എന്നും എവിടെയാണ് നിലവിൽ മോട്ടോർ സ്ഥാപിച്ചിട്ടുള്ളത് എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇറിഗേഷൻ വകുപ്പിന്റെ അനുമതി പത്രവും ഫയലിൽ ഇല്ല. പ്രോജക്ട് ഫീസിബിലിറ്റി പഠിക്കാതെയും, പ്രോജക്ടിനായി സ്ഥലം കണ്ടെത്താതെയും രൂപീകരിച്ച പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞോയെന്നും വ്യക്തമല്ല. പദ്ധതി പൂർത്തിയാക്കി, പ്രവർത്തനക്ഷമമാണോയെന്ന വിവരവും, മൈനർ ഇറിഗേഷൻ അസി.എക്സി.എഞ്ചിനീയർ നല്കിയ അനുമതി പത്രവും ഹാജരാക്കേണ്ടതാണ്.

4. നിലവിലുണ്ടായിരുന്ന മൈനർ ഇറിഗേഷൻ പ്രോജക്ട് പ്രകാരമുള്ള മോട്ടോർ ഷെഡ്, മോട്ടോർ എന്നിവ എന്ന് സ്ഥാപിച്ചതാണെന്ന വിവരം അറിയിക്കേണ്ടതാണ്.
5. മൈനർ ഇറിഗെഷൻ വകുപ്പിന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് പ്ലാൻ ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.
6. മോണിറ്ററിംഗ് സമിതി റിപ്പോർട്ടിനു പകരം ബ്ലോക്ക്മെമ്പറുടെ സാക്ഷ്യപത്രമാണ് ഫയലിൽ ഉള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5) മറുപടി ലഭിച്ചിട്ടില്ല.

## 3-9 അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുകൾ - പൊതുഅപാകതകൾ

2018-19വർഷം വിവിധ ഗ്രാമപഞ്ചായത്ത് പരിധിയിൽ ബഹുവർഷ പ്രോജക്ടുകളായി 12 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് നടപ്പിലാക്കിയത്. മേൽ പദ്ധതികളെക്കുറിച്ചുള്ള പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുകൾ ആവിഷ്കരിക്കാൻ ഗ്രാമപഞ്ചായത്ത് /ബ്ലോക്ക് തല ഗ്രാമസഭകൾ നിർദ്ദേശിച്ചതായി കാണുന്നില്ല. അതാത് പ്രദേശത്തെ ബ്ലോക്ക് മെമ്പർ അല്ലെങ്കിൽ കൃഷിഓഫീസർ കത്ത് നൽകിയതിൻ പ്രകാരമാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണസമിതി വഴിയല്ല മേൽ പ്രോജക്ടുകൾ ഉണ്ടായിട്ടുള്ളത്. പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീ.29.01.18) ഖ.3. 2-4(4) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ ഫോറം 6 ൽ തയ്യാറാക്കി ചർച്ചയ്ക്കായി നൽകേണ്ടതും, കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ഗ്രാമ പഞ്ചായത്തടിസ്ഥാനത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്. 3.2-1(2) (i) (iii) ലെ നിർദ്ദേശമനുസരിച്ച് കർഷകർ, പാടശേഖര സമിതികൾ എന്നിവരുമായി

കൂടിയാലോചന നടത്തേണ്ടതാണ്. എന്നാൽ ഇത്തരം നിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിച്ചിട്ടല്ല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നത്.

2. പ്രോജക്ടുകൾ പലതും നടപ്പിലാക്കിയിരിക്കുന്നത് മൈനർ ഇറിഗേഷന്റെ നിയന്ത്രണത്തിലുള്ളതും, അവരുടെ ആസ്തിയുമായ സ്ഥലത്താണ്. കുന്നുകര കായിക്കടം പദ്ധതിക്കുമാത്രമാണ് മൈനർ ഇറിഗേഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറോട് അനുമതി തേടിയിട്ടുള്ളത്. എന്നാൽ ഇതിനു അനുമതി ലഭിച്ചതായി കാണുന്നില്ല.
3. പദ്ധതി നടപ്പിലാക്കിയത് നിലവിൽ മോട്ടോർ ഷെഡ്, മോട്ടോർ എന്നിവ ഉള്ളയിടത്തുതന്നെയാണ്. ഉദാ.കുന്നുകര കായിക്കടം പദ്ധതി നടപ്പാക്കുമ്പോൾ അവിടെ 25 Hp മോട്ടോർ ഉണ്ടെന്നും, അത് കേടായി എന്നും കൃഷി ഓഫീസർ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ മോട്ടോർ എന്തു ചെയ്യുവെന്ന് വ്യക്തമാക്കിയിട്ടില്ല. ഇതുപോലെയുള്ള മോട്ടോർ ഷെഡ്, മോട്ടോർ എന്നിവ അറ്റകുറ്റപ്പണികൾ ചെയ്ത് പ്രയോജനപ്പെടുത്താവുന്നതാണോയെന്ന് അതാത് പ്രദേശത്തെ പാടശേഖര സമിതി, ഗുണഭോക്തൃസമിതി എന്നിവരാണ് തീരുമാനിക്കേണ്ടതും, മുൻകൈ എടുക്കേണ്ടതും, എന്നാൽ പാറക്കടവ് ബ്ലോക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി യഥാർത്ഥ ഗുണഭോക്താക്കൾ ആവശ്യപ്പെട്ടിട്ടില്ല.
4. പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ആവർത്തന ചെലവുകൾ /മേൽ നോട്ടം ആരാണ് നടത്തേണ്ടത് എന്നതിന് ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തിട്ടില്ല. മോട്ടോർ പോലുള്ള ആസ്തികൾ ബ്ലോക്ക് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടോയെന്ന് വ്യക്തമല്ല. മറ്റു വകുപ്പുകളുടെ കൈവശമുള്ള സ്ഥലങ്ങളിൽ ബ്ലോക്ക് പദ്ധതിവിഹിതം ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിച്ച്, അനുമതി വാങ്ങുക എന്ന നടപടി ക്രമം പാലിച്ചതായി കാണുന്നില്ല.
5. സാങ്കേതികാനുമതി ലഭിച്ച പല പ്രോജക്ടുകളും അടങ്കൽ തുകയിൽ വ്യത്യാസമില്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഉദാ. നെടുമ്പാശ്ശേരി ഗ്രാ.പ.കൊളത്താപ്പുള്ളി ലിഫ്റ്റ് ഇറിഗേഷൻ, പ്രോ.നം.113/19, 10 ലക്ഷം രൂപാ അടങ്കലുള്ള പ്രവൃത്തിയാണ്. 13-09-18 ൽ 3429/2018-19 ആയി സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടിൽ 283m 200 mm dia 6kgf/cm2, 2.47 m 110mm dia 6kgf/cm2, ലൈൻ എക്സ്റ്റൻഷന്, ഒപ്പം 10 എച്.പി. അഡീഷണൽ മോട്ടോർ എന്നിവയായിരുന്നു. എന്നാൽ തീയതിയില്ലാത്ത ഒരു കത്ത് പ്രകാരം സംഗീത സുരേന്ദ്രൻ എന്ന ഡിവിഷൻ മെമ്പർ ടി പ്രവൃത്തിയിൽ മോട്ടോർ ഷെഡ് മുതൽ കൂടുതലായി നിലവിലുള്ള 126 200mm 4 kgf മാറ്റി പകരം ഇതേ നീളത്തിൽ 200mm 6 kgf ഇടാൻ ആവശ്യപ്പെട്ടതിൻ പ്രകാരം പ്രോജക്ട് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യം ബ്ലോക്ക് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകൾ അടങ്കൽ തുകയിൽ വ്യത്യാസമില്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത് പലതും ഇത്തരത്തിലാണ്. പ്രോജക്ടുകൾ അതാതുപ്രദേശത്തെ ജനങ്ങൾക്കുവേണ്ടി, അവരുടെ ആവശ്യപ്രകാരം നിർദ്ദേശമനുസരിച്ച് സാങ്കേതികമായി നടപ്പിലാക്കുന്ന ചുമതലയാണ് നിർവ്വഹണോദ്യോഗസ്ഥന്റേത്. എന്നാൽ ഇതിൽ

നിന്നും വ്യത്യസ്ഥമായി നിർവ്വഹണോദ്യോഗസ്ഥൻ തന്നെ പദ്ധതി തീരുമാനിക്കുകയും, പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്ന രീതിയാണ് മേൽ പദ്ധതികളുടേത്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

6. പദ്ധതികൾ നടപ്പിലാക്കാൻ മുൻകൂട്ടി സ്ഥലം കണ്ടെത്താതെ നിർമ്മാണപ്രവർത്തികളുമായി മുന്നോട്ട് പോയതിനാൽ കോടതിവ്യവഹാരങ്ങൾക്കും തർക്കങ്ങൾക്കും, തൻമൂലമുള്ള സമയ, ധനനഷ്ടത്തിനും ഇടവന്നിട്ടുണ്ട്. ഉദാ.പ്രോ.നം.എസ്.ഒ.95/19, ചേതേപ്പടിതടം ലിഫ്റ്റ് ഇറിഗേഷൻ, പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് (വാർഡ് 12)2017-18 ൽ ആരംഭിച്ച പദ്ധതിക്കായി പറവൂർ താലൂക്ക് പുത്തൻവേലിക്കര വില്ലേജിൽ പാലാട്ടി തോമസ് ഭാര്യ മറിയംകുട്ടി 2 സെന്റ് സ്ഥലം വിട്ട് നല്കിയതുപ്രകാരം പണികൾ ആരംഭിച്ചു. സൈറ്റ് ഹാന്റ് ഓവർ ചെയ്തത് 15-12-17ലാണ്. എന്നാൽ ടിയാരിയുടെ മക്കളായ പി.ടി.ജോളി, പി.ടി.ദേവസ്സിക്കുട്ടി എന്നിവർ തങ്ങളുടെ വൃദ്ധയായ അമ്മയെ കബളിപ്പിച്ച് സ്ഥലം തട്ടിയെടുത്തതാണെന്ന പരാതിയുമായി ഗ്രാമവികസനകമ്മീഷണറെ സമീപ്പിക്കുകയും പണികൾ തടസ്സപ്പെടുകയും ചെയ്തു. ഇതിനിടയിൽ 29-01-19ൽ മറിയംകുട്ടി നിര്യാതയായി. തുടർന്ന് നിരവധി ചർച്ചകൾക്കും, വകുപ്പുതല അന്വേഷണങ്ങൾക്കും ഒടുവിൽ 17-3-19 നാണ് അനന്തരാവകാശിയായ പാലാട്ടി തോമസ് കുട്ടി ജോജോ മകൻ ജെറിറ്റ് ജോജോ എന്നയാൾ സ്ഥലംവിട്ടു നൽകിയിരിക്കുന്നത് (ബ്ലോക്ക് സെക്രട്ടറി 19-3-19ൽ ഫോർട്ട്കൊച്ചി ആർഡിഒയ്ക്ക് നൽകിയ സി-499/18ാം നം കത്ത്.) 17-03-19ന് മുൻപ് തന്നെ പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. 2018-19ൽ 2063546/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൈവശം ലഭിക്കാതെ തർക്കത്തിലുള്ള സ്ഥലത്താണ് തുകയത്രയും ചെലവഴിച്ചിട്ടുള്ളത്. യാതൊരു മുന്നൊരുക്കവുമില്ലാതെ ഏറ്റവും പ്രധാന ഇനമായ സ്ഥലം കൈവശം ലഭിക്കാതെ പ്രോജക്ട് ആരംഭിച്ചതും, പ്രോജക്ടിന്റെ ആവശ്യകത, സുതാര്യത എന്നിവയെക്കുറിച്ച് നിരവധി പരാതികൾ ലഭിച്ചതിനാലും ഇതിനെക്കുറിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

7. നടപ്പിലാക്കിയ പദ്ധതികൾ എത്രമാത്രം ജനങ്ങൾക്ക് പ്രയോജനപ്പെടുന്നു എന്ന് വിലയിരുത്തിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടിനുപകരം അതാത് പ്രദേശത്തെ ഗ്രാ.പ.മെമ്പർ/ബ്ലോക്ക് പഞ്ചായത്ത് മെമ്പർ നൽകുന്ന പൂർത്തീകരണ സാക്ഷ്യപത്രമാണ് ഫയലിൽ ഉള്ളത്. മോണിറ്ററിംഗ് റിപ്പോർട്ട് അത്യാവശ്യഘടകമാണ്. സ.ഉ(കൈ)നം.11/2018/തസ്വഭവ തീ.29.01.18 ലെ 16(ബി)-13 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.7)

8. കുന്നുകര, പുത്തൻവേലിക്കര എന്നീ ഗ്രാമ പഞ്ചായത്തുകളിൽ 30 കോടി രൂപയുടെ റർബ്ബൻ (RURBAN) പദ്ധതിയും, കേന്ദ്ര സർക്കാരിന്റെ തണ്ണീർത്തടവികസന പദ്ധതിയും വഴി നടപ്പിലാക്കുന്നത് ഏറെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ തന്നെയാണ്. കൂടാതെ 2 ലോകസഭാ മണ്ഡലങ്ങളും, 4 നിയമസഭാ നിയോജകമണ്ഡലങ്ങളും ഉൾപ്പെടുന്നു എന്നതിനാൽ എംഎൽഎ ഫണ്ട്, എം പി ഫണ്ട്

ഉപയോഗിച്ചും നിരവധി വികസനപ്രവർത്തനങ്ങൾ ബ്ലോക്ക് പരിധിയിൽ നടപ്പിലാക്കുന്നുണ്ട്. ഇവയൊന്നും ഒരു മാസ്റ്റർ പ്ലാനിന്റെ ഭാഗമായി സംയോജിപ്പിച്ചല്ല നടപ്പാക്കുന്നത്. അതിനാൽ തന്നെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ അടുത്തടുത്താവാനും, ആവർത്തിക്കപ്പെടാനും സാധ്യതയുണ്ട്. ജില്ലയിൽ പ്രളയം ഏറ്റവുമധികം ബാധിച്ച ഈ പ്രദേശത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഇത്രയധികം നടപ്പിലാക്കിയത് മതിയായ സാധ്യതാ പഠനം നടത്താതെയാണ്.

മേൽ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോജക്ട് -ലക്ഷ്യപ്രാപ്തി വിലയിരുത്തേണ്ടതാണ്

2008ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പൊതുമാർഗ്ഗനിർദ്ദേശങ്ങളെ തുടർന്ന് 22-9-12ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ)നമ്പർ 240/2012/തസ്വഭവ ഉത്തരവിൻ പ്രകാരം സംയോജിത നീർത്തടപരിപാലന പദ്ധതി (ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോജക്ട്) 2012-13വർഷം മുതൽ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കി വരുന്നു. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിശദമായ പ്രവർത്തന മാർഗരേഖ പ്രകാരം മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ അവസാനഘട്ട പ്രവൃത്തികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. നീർത്തടപ്രദേശങ്ങളുടെ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ പരിപാലനവും, പുനരുജ്ജീവനവും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മഴവെള്ളം ഭൂമിയിൽ പരമാവധി കിനിഞ്ഞിറങ്ങുന്ന പ്രവർത്തനങ്ങൾ, ഭൂമിയുടെ സസ്യാവരണം മെച്ചപ്പെടുത്തൽ, പൊതുകുളങ്ങൾ, കാവുകൾ, നീരുറവകൾ എന്നിവയുടെ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക, അതോടൊപ്പം ഇതിനായി പരമ്പരാഗതവും, പ്രാദേശികവുമായ അറിവുകൾ പരാമവധി പ്രയോജനപ്പെടുത്തണമെന്നും പദ്ധതിയിൽ നിർദ്ദേശിക്കുന്നുണ്ട്. സിമന്റ്, പാറ, മണൽ എന്നീ നിർമ്മാണസാമഗ്രികൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ മാത്രം ഏറ്റെടുക്കാൻ പാടുള്ളു എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതിയുടെ പൂർണ്ണമായ ആസ്തി രജിസ്റ്റർ പ്രകാരം നടപ്പിലാക്കിയിരിക്കുന്നതിലധികവും തോട്, കുളം എന്നിവയ്ക്ക് കരിങ്കൽ സംരക്ഷണ ഭിത്തി നിർമ്മാണമാണ്. 2017-18 ൽ അവസാനിച്ച പദ്ധതി നിലവിൽ സർക്കാർ പുതുതായി ആവിഷ്കരിച്ച പ്രധാനമന്ത്രി കൃഷി സിൻചായി യോജന (PMKSY)എന്ന ബൃഹത് പദ്ധതിയുടെ വാട്ടർഷെഡ് ഘടകമായി തുടരുന്നു.

ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോജക്ടിനായി പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന് 6,19,42,560/-രൂപ അനുവദിച്ചിട്ടുണ്ട്. 2012-13ൽ 20,00,000/ രൂപ ചെലവഴിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം 8 നീർത്തടങ്ങൾ പദ്ധതി പ്രദേശമായി തെരഞ്ഞെടുത്താണ് ബഹുവർഷമായി പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി 8 നീർത്തട സമിതികളും പദ്ധതി നടത്തിപ്പിനായി

അസി.എഞ്ചിനീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെയും നിയമിച്ചിരുന്നു. (കരാർ വ്യവസ്ഥയിൽ) അസി.എഞ്ചിനീയറാണ് പദ്ധതിയുടെ ചുമതല വഹിച്ചിരുന്നത്. 2018-19ലെ പ്രവൃത്തികൾ എല്ലാം തന്നെ മുൻവർഷങ്ങളുടെ തുടർച്ചയാണ്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിപ്രവർത്തനങ്ങളുടെ ആരംഭം (2012-13) മുതലുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മാത്രമേ ലക്ഷ്യം കൈവരിച്ചോയെന്ന് വിശകലനം ചെയ്യാൻ കഴിയൂ. ഇതിനായി ടി പദ്ധതിയുടെ വരവ് ചെലവ് പരിശോധിച്ച്, പ്രവർത്തനലക്ഷ്യം കൈവരിച്ചോയെന്ന് വിലയിരുത്തുന്നതിനായി വിശദമായ ഓഡിറ്റിന്/ പരിശോധനയ്ക്ക് ശുപാർശചെയ്യുന്നു.

.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുകയിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്തുകൾ | -- | 13698747+ 678101 (പലിശ) | ഐ.എ.വൈ ഭവനപദ്ധതി | 3043096 | 11333752 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2018-19 വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ | വായ്പയുടെ | | വായ്പ | വർഷാരം | തൻവർഷം | വർഷാവ |
|---|---|---|---|---|---|---|

| നം. | പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | തുക | ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സ്ഥാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഐ.എ.വൈ വായ്പ തിരിച്ചടവ് | സ.ഉ.(എം.എസ്)90/13 /തസ്വഭവ തീയതി.14.03.2013 | -- | 41343 * | 0 | 0 | 41343 |

* 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയായി 66,343/- രൂപയായാണ് തെറ്റായി കാണിച്ചിട്ടുള്ളത്. 2017-18 റിപ്പോർട്ടിലും തിരിച്ചടവില്ലാത്തതിനാൽ നീക്കിയിരിപ്പ് 66,343/- രൂപ തന്നെയാണ് എടുത്തത്. അക്കൗണ്ട്സ് പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ള തുക 41343/-രൂപയാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ₹ | 6,60,92,991 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ₹ | 6,00,70,073 |
| വരവിനങ്ങളിലുള്ള നഷ്ടം ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | 1,52,19,443/- |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,83,981 | ശ്രീ.സാജൻ കെ ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | 1,33,14,199 | ശ്രീമതി.സി.രമണി, സെക്രട്ടറി |
| 3-5 | 17,21,263 | ശ്രീ.സാജൻ കെ ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 1,52,19,443/- | |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സാജൻ കെ ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | കാവ്യം, പോണേക്കര,മണിമല റോഡ്, എറണാകുളം-682041. |
| സി.രമണി, സെക്രട്ടറി | സെക്രട്ടറി, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | കല്ലരൊവിൽ വീട്, വേങ്ങ (പി.ഒ), ശാസ്താംകോട്ട, കൊല്ലം – 690569 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച റിപ്പോർട്ടിന്റെ / ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 മുതൽ 2012-2013 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 | 1999-00 മുതൽ 2001-02 വരെ –2 2012-13 – 3 | അദാലത്ത് റിപ്പോർട്ട് |

| | | | |
|---|---|---|---|
| വരെ | | | |
| 2013-14 & 2014-15 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 | 4 | |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 | 1 | |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 | 1 | |
| 2017-18 | കെ.എസ്.എ-ഇ.കെ.എം. (ബി.പി.2)287/2019 dtd. 12.07.19 | 10 | |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4ാം വകുപ്പും1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215ാം വകുപ്പും അനുബന്ധ ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് /നഗരപാലികാ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2019 ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

### ന്യൂനതകളുടെ സംഗ്രഹം

1. MNREGS Administrative വരവ് RP 31 ലും ചെലവ് 251300801 എന്ന ഹെഡിലും ഉൾപ്പെടുത്തിക്കാണുന്നില്ല (RP 16).
2. താഴെ പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി 4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും അവയുടെ ബി 17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റിന്റെ പേര് | ബി 4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (ബി 17) |
|---|---|---|
| 320100118-Centrally sponsored scheme-Integrated Watershed Management Programme (IWMP) | 67,99,354 | 68,99,802 |
| 320100115- Centrally sponsored scheme-Total sanitation campaign TSC | 377906 | 384543 |

3. സാക്ഷരതാ അക്കൗണ്ടിൽ (യൂണിയൻ ബാങ്ക്-338202010012750) 193577/- രൂപ നീക്കിയിരിപ്പുണ്ട്. ഇത് ബാധ്യതയായി ബി 4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തി വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

ജോയിന്റ് ഡയറക്ടർ

## CERTIFICATE

Certified that I have examined the Annual Financial Statement of Parakkadavu Block Panchayath for the year ended on 31.03.2019 in Ernakulam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayath Raj institutions.

In My opinion the Annual Financial Statement of Parakkadavu Block Panchayath for the year 2018-19 subject to the Annexure, properly presents the picture of income, expenditure and closing balance.

Joint Director

## Abstract of Deficiencies / Discripancies

1. Details of MNREGS Administrative expenses and income are not included in schedules RP 16 and RP 31 respectively.

2. In the cases of following accounts of Grants recieved for specific purposes, the balance as per B4 schedule is not matched with the balance as per B 17 schedule.

| Name of Grant | Balance as per B4 schedule | Balance as per B17 schedule |
|---|---|---|
| 320100118-Centrally sponsored scheme-Integrated Watershed Management Programme (IWMP) | 67,99,354 | 68,99,802 |
| 320100115- Centrally sponsored scheme-Total sanitation campaign TSC | 377906 | 384543 |

3. There is a balance of Rs 193577/- in the Literacy account at Union Bank of India as per B 17 schedule. But this is not booked under the liability side of the Balance sheet (B4 schedule )

4. All assets including land are not accounted and included in the A F S. Asset register is not updated including the details of newly created assets.

Joint Director